**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ (കെ.എസ്.എഫ്.ഇ) നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ് ലിമിറ്റഡിന്റെ (കെ.എസ്.എഫ്.ഇ) നവീകരണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**KSFE POWER – മൊബൈൽ ആപ്പ്**<br><br>സമ്പൂർണ ഡിജിറ്റലൈസേഷന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ KSFE POWER APP 11/10/2023 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനും ബിസിനസ്സ് വിപുലീകരണത്തിനും ഇത് ഏറെ പ്രയോജനകരമായി. ഇതുവരെയായി 7 ലക്ഷത്തോളം ഇടപാടുകാർ ഈ ആപ്പ് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.<br><br>**RLM (റീജിയണൽ ലെവൽ മാർക്കറ്റിംഗ്)**<br><br>ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി റീജിയണൽ ലെവൽ മാർക്കറ്റിംഗ് (RLM) സംവിധാനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ശാഖകളിലും മേഖലാ ഓഫീസുകളിലും തനത് വിപണന രീതികൾ നടപ്പിലാക്കുന്നതിന് RLM ടീം അംഗങ്ങൾ നേതൃത്വം നല്കി വരുന്നുണ്ട്.<br><br>**ഏജന്റ് ആപ്പ്**<br><br>ചിട്ടി ഡോർ കളക്ഷൻ സംവിധാനം കൂടുതൽ ഫലപ്രദവും സുതാര്യവുമാക്കുന്നതിന് ഏജന്റ് ആപ്പ് നടപ്പിലാക്കി. ഇതിനായി 2800 ഓളം ഡോർ കളക്ഷൻ ഏജന്റുമാർക്ക് POS മെഷീനുകൾ നല്കിയിട്ടുണ്ട്.<br><br>**ശാഖകളുടെ നവീകരണം**<br><br>കെ.എസ്.എഫ്.ഇ-യുടെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 683 ശാഖകളിൽ 574 എണ്ണത്തിന്റെ ആധുനീകരണം പൂർത്തിയായിട്ടുണ്ട്.<br><br>**RMS (Receivable Management System)** |

സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കിയ RMS സംവിധാനത്തിലൂടെ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിനും റിക്കവറി നടപടികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിനും ശാഖാതലത്തിലും മേഖലാതലത്തിലും സാധ്യമാണ്. ദിനംപ്രതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്.

**ബിസിനസ്സ് പ്രൊമോട്ടർ നിയമനം**

കൂടുതൽ പുതിയ ചിട്ടി ഇടപാടുകാരെ കണ്ടെത്താനായി ബിസിനസ്സ് പ്രൊമോട്ടർമാരെ കരാർ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട്. മേഖലാടിസ്ഥാന ത്തിൽ ആകെ 719 പേർ ബിസിനസ്സ് പ്രൊമോട്ടർമാരായി പ്രവർത്തിച്ചു വരുന്നു.

**ഇ-ഓഫീസ് സംവിധാനം**

സേവനങ്ങൾ കൂടുതൽ സുതാര്യവും ത്വരിതവുമാക്കുന്നതിന് ഹെഡ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. മേഖലാ ഓഫീസിലും ശാഖകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ETS**

കെ.എസ്.എഫ്.ഇ-യിൽ ജീവനക്കാരുടെ സ്ഥലമാറ്റത്തിനായുള്ള ഓൺ ലൈൻ സംവിധാനം (ETS) നടപ്പിലാക്കി.

**KSFE Smart Gold OD**

പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ 24x7 എന്ന രീതിയിൽ സേവനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ച വായ്പാ പദ്ധതിയാണ് KSFE Smart Gold OD. സ്വർണ്ണാഭരണങ്ങളുടെ ഈടിന്മേൽ പരമാവധി 50 ലക്ഷം രൂപ വരെ ഓവർഡ്രാഫ്റ്റായി വായ്പ ലഭിക്കും. കെ.എസ്.എഫ്.ഇ പവർ ആപ്പ് ഉപയോഗിച്ച് ഓൺലൈനായി പണം പിൻവലിക്കാനും തിരിച്ചടവു നടത്താനും ഇടപാടുകാർക്ക് സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത.

**നവീകരിച്ച വെബ്സൈറ്റ്**

പുതിയ സോഫ്റ്റ് വെയർ സൊല്യൂഷനുകൾ ഉപയോഗപ്പെടുത്തി www.ksfe.com എന്ന കെ.എസ്.എഫ്.ഇ വെബ്സൈറ്റ് നവീകരിക്കുകയും ഉപഭോക്താക്കൾക്ക് ഉതകുന്നവിധം വിവിധങ്ങളായ പുതിയ സവിശേഷതകൾ, 683 ശാഖകൾക്കും 16 മേഖലകൾക്കും പ്രത്യേകം പേജുകൾ, പുതുതായി ആരംഭിക്കുന്ന ചിട്ടി വിവരങ്ങൾ, സബ്സ്റ്റിറ്റ്യൂഷന് ലഭ്യമാകുന്ന ചിട്ടി വിവരങ്ങൾ, ആട്ടോമേറ്റഡ് ചാറ്റ് ബോട്ട്, എല്ലാ ശാഖകളുടെയും ഗൂഗിൾ മാപ്പ് ഉൾച്ചേർത്താണ് വെബ്സൈറ്റ് നവീകരിച്ചിട്ടുള്ളത്.

**കസ്റ്റമർ ഓൺ ബോഡിംഗ്**

ഉപഭോക്തൃ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തിക്കൊണ്ട് KYC കാര്യക്ഷമമാക്കുന്നതിനുള്ള "കസ്റ്റമർ ഓൺ ബോഡിംഗ് സോഫ്റ്റ് വെയർ" സംവിധാനം നടപ്പിൽവരുത്തി.

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ കെ.എസ്.എഫ്.ഇ.യുടെ വളർച്ച സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) 2016 മുതൽ 2025 വരെയുള്ള പത്തുവർഷ കാലയളവിൽ കെ.എസ്. എഫ്.ഇ മികവാർന്ന വളർച്ചയാണ് നേടിയിട്ടുള്ളത്. കെ.എസ്.എഫ്.ഇ യുടെ ആകെ ബിസിനസ്സ് 2016 ലെ 28,960 കോടിരൂപയിൽ നിന്നും 2025 ൽ 1,02,808 കോടിരൂപയായി വർദ്ധിച്ചു. ഒരു ലക്ഷം കോടി രൂപയിലധികം വാർഷിക ബിസിനസ്സ് നേട്ടം കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ MNBC എന്ന പദവി കെ.എസ്.എഫ്.ഇ കരസ്ഥമാക്കുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതികൾ | 2016(കോടി രൂപയിൽ) | 2025(കോടി രൂപയിൽ) |
|---|---|---|
| ചിട്ടി | 16579 | 46900 |
| വായ്പ | 3941 | 20802 |
| നിക്ഷേപം | 8440 | 35106 |
| ആകെ | 28960 | 102808 |

2025 ൽ 512 കോടി രൂപയായി കെ.എസ്.എഫ്.ഇ യുടെ ലാഭം ഉയർന്നു. അറ്റമൂല്യം (Net Worth) 1,547 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ 10,000 കോടി രൂപയ്ക്ക് മേൽ എത്തിച്ചുകൊണ്ട് ഈ രംഗത്തും കെ.എസ്.എഫ്.ഇ മികച്ച നേട്ടം കൈവരിക്കുകയുണ്ടായി. 2016 ലെ 743 കോടി രൂപയിൽ നിന്നും 2025 ൽ 10,947 കോടിരൂപയായി സ്വർണ്ണപ്പണയ വായ്പ ഉയർന്നിട്ടുണ്ട്. അതോടൊപ്പം മാർക്കറ്റിംഗ് രംഗത്തും സാങ്കേതിക വിദ്യ ഉൾച്ചേർക്കുന്നതിലും പുതിയ നിയമനങ്ങളിലും എല്ലാം വലിയ വളർച്ച രേഖപ്പെടുത്തുകയുണ്ടായി.

**മൂലധനം**

കെ.എസ്.എഫ്.ഇ യുടെ അംഗീകൃത മൂലധനം 250 കോടി രൂപയായും അടച്ചു തീർത്ത മൂലധനം 200 കോടി രൂപയായും ഉയർത്തി.

**പുതിയ ശാഖകൾ**

ഗ്രാമീണ മേഖലയിലേയ്ക്ക് സേവനം വ്യാപിപ്പിക്കുന്നതിനായി കഴിഞ്ഞ 10 വർഷക്കാലയളവിൽ 88 പുതിയ ശാഖകളും 20 മൈക്രോ ശാഖകളും ഉൾപ്പെടെ ആകെ 108 ശാഖകൾ പുതുതായി പ്രവർത്തനം ആരംഭിച്ചു.

**ഡിജിറ്റൽ ബിസിനസ്സ് സെന്റർ**

പ്രവാസി മലയാളികൾക്കായി പൂർണ്ണമായും ഓൺലൈൻ സേവനങ്ങൾ പ്രദാനം ചെയ്യുന്നവിധമുള്ള ഡിജിറ്റൽ ബിസിനസ്സ്

| | | | |
|---|---|---|---|
| | | | സെന്റർ പ്രത്യേകമായി തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>**കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി**<br><br>പ്രവാസി മലയാളികൾക്ക് വേണ്ടി മാത്രമായി കെ.എസ്.എഫ്.ഇ ആവിഷ്കരിച്ച ചിട്ടി പദ്ധതിയാണ് പ്രവാസി ചിട്ടികൾ. പ്രവാസികൾക്ക് തങ്ങൾ തൊഴിൽ ചെയ്യുന്ന രാജ്യത്തിലിരുന്നു കൊണ്ടുതന്നെ ഈ ചിട്ടിയിൽ ചേരാനാകും എന്നതാണ് ഇതിന്റെ പ്രത്യേകത. രജിസ്ട്രേഷൻ, ലേലം വിളി തുടങ്ങിയവയെല്ലാം ഓൺലൈനായി നിർവ്വഹിക്കാനാകും. ഇതിനായി പ്രത്യേക മൊബൈൽ ആപ്പ് സംവിധാനവും നിലവിലുണ്ട്. 24x7 എന്ന രീതിയിൽ ഒരു ഓഫീസ് ഈ ചിട്ടിയ്ക്ക് വേണ്ടി മാത്രമായി പ്രവർത്തിക്കുന്നു. വെബ്സൈറ്റ് www.pravasi.ksfe.com. 2024-25 സാമ്പത്തിക വർഷത്തിൽ ടേൺ ഓവർ 2146 കോടി രൂപയും കിഫ്ബി നിക്ഷേപം 1071 കോടി രൂപയുമാണ്.<br><br>**നിയമനങ്ങൾ**<br><br>മെയ് 2016 മുതൽ ആഗസ്റ്റ് 2025 വരെയുള്ള കാലയളവിൽ കെ.എസ്. എഫ്.ഇ യിൽ 6527 പേർക്ക് പി.എസ്.സി മുഖേന പുതിയ നിയമനം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ